Draft #1 of File AcD/01/20361/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 07-Feb-2020 11:18 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

തുല്യത -ANNAMALAI UNIVERSITY, Tamil Nadu അവാർഡ് ചെയ്ത Master of Science in Botany (Distance Education) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Botany ബിരുദത്തിനു തുല്യമായി അംഗീകരിക്കേണ്ടതില്ലെന്നും ഉപരിപഠനത്തിനും ഉദ്യോഗ ആവശ്യത്തിനുമുള്ള യോഗ്യതസാക്ഷ്യപത്രം നൽകുന്നതിനും തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 1330/AC D/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.03.2020

---

*പരാമർശം:*-1) കോഴ്സ് അംഗീകാരത്തിനായി Smt LEGI JOHN, PUTHENCHAKALAKAL 1/886A SATELLITE TOWN SHIP, KAKANAD P.O. , നൽകിയ അപേക്ഷ

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 5922/എസി.ഡി./3/2243/12 തീയതി 05.10.2017.

3) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്വാലൻസി 2016.

4) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (ബോട്ടണി -പി.ജി), അഭിപ്രായം രേഖപ്പെടുത്തി 23.05.2019 ൽ നൽകിയ കത്ത്.

5) ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ് അഭിപ്രായം രേഖപ്പെടുത്തി 21.06.2019ൽ നൽകിയ കത്ത്.

6) 30.11.2019 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 130/Ac.19/195123 (31.12.2019ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19.11) ഇനം നം. 01/19.11/190797 ആയി സമർപ്പിച്ചത്)

**ഉത്തരവ്**

1 ) ANNAMALAI UNIVERSITY, Tamil Nadu അവാർഡ് ചെയ്ത Master of Science in Botany (Distance Education) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Botany ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷ പരാമർശം (2)ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

2 ) പരാമർശം (3) പ്രകാരം പ്രസ്തുത വിഷയത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (ബോട്ടണി - പി.ജി), ഡീൻ , ഫാക്കൽറ്റി ഓഫ് സയൻസ് എന്നിവരുടെ വിദഗ്ധാഭിപ്രായം തേടുകയുണ്ടായി. സിലബസുകൾ ഏകദേശം സമാനമാണെങ്കിലും വിദൂര വിദ്യാഭ്യാസപ്രോഗ്രാം ആയതിനാൽ വിദ്യാർത്ഥികൾക്ക് വിഷയം സംബന്ധിച്ച് വിശദമായ ജ്ഞാനം ഉണ്ടാവില്ല എന്നും കോൺടാക്ട് ക്ലാസുകൾ എത്രത്തോളം ഫലവത്താകും

എന്നത് നിശ്ചയമില്ല എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അതിനാൽ തുല്യതാംഗീകാരം നല്കുന്നതിനോട് പൂർണമായും യോജിക്കുന്നില്ല എന്ന് അദ്ദേഹം പ്രസ്താവിച്ചു. (പരാമർശം 4). സിലബസുകൾ ഏകദേശം സമാനമാണെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ നിരീക്ഷിച്ചിട്ടുണ്ടെന്നാണ് ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ് അഭിപ്രായപ്പെട്ടത്. (പരാമർശം 5).

3) അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും സൂചന (6) പ്രകാരം ANNAMALAI UNIVERSITY, Tamil Nadu അവാർഡ് ചെയ്ത Master of Science in Botany (Distance Education) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Botany ബിരുദത്തിനു തുല്യമായി അംഗീകരിക്കേണ്ടതില്ലെന്നും ഉപരിപഠനത്തിനും ഉദ്യോഗ ആവശ്യത്തിനുമുള്ള യോഗ്യതസാക്ഷ്യപത്രം നൽകുന്നതിനും തീരുമാനിച്ചു.

4) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീമതി ലെജി ജോൺ
2) പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3) രജിസ്ട്രാറുടെ പി.എ.
4)ജെ.ആർ. II (ഭരണവിഭാഗം)
5)എ.ആർ. /ഡി.ആർ.(അക്കാദമിക വിഭാഗം)
6)എ.സി.സി. സെക്ഷൻ
7)കൺടന്റ് മാനേജ്മെന്റ് സെക്ഷൻ
8)ഐ.ക്യു.എ.സി.
9)കരുതൽ ഫയൽ/ഫയൽ പകർപ്പ്

Draft #1 of File AcD/01/20361/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 07-Feb-2020 11:18 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം